പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1168

21.03.2013-ൽ മറുപടി നൽകേണ്ടത്

## പട്ടയ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, ഡോ. എൻ. ജയരാജ്<br>,, പി. സി. ജോർജ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് പട്ടയം നൽകാൻ സാധിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ഇനങ്ങളിലായി 34734 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി)ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എത്ര പേർ ഉൾപ്പെട്ടുമെന്ന് അറിയിക്കുമോ; | (ബി) മലപ്പുറം ജില്ല ഒഴികെ 1963 പേർ ഉൾപ്പെടുന്നുണ്ട്. |
| (സി)പട്ടയത്തിന് അപേക്ഷ നൽകിയവരിൽ പട്ടയം ലഭിക്കാൻ അർഹരായവർ എത്ര പേർ അവശേഷിക്കുന്നുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ? | (സി) സംസ്ഥാനത്ത്, 1964- ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും 1995- ലെ മുനിസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങൾ പ്രകാരവുമാണ് ഭൂമി പതിച്ചു നൽകുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളുടെ അർഹത തിട്ടപ്പെടുത്തുന്നത് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ തീരുമാനപ്രകാരമാണ്. പല ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ പുന: സംഘടിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അപേക്ഷകരുടെ കൃത്യമായ എണ്ണം കണക്കാക്കാൻ ഇപ്പോൾ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2777 |
| 2 | കൊല്ലം | 436 |
| 3 | പത്തനംതിട്ട | 604 |
| 4 | ആലപ്പുഴ | 1085 |
| 5 | കോട്ടയം | 201 |
| 6 | ഇടുക്കി | 7446 |
| 7 | എറണാകുളം | 2168 |
| 8 | തൃശ്ശൂർ | 3391 |
| 9 | പാലക്കാട് | 4836 |
| 10 | മലപ്പുറം | 6021 |
| 11 | വയനാട് | 222 |
| 12 | കോഴിക്കോട് | 3190 |
| 13 | കണ്ണൂർ | 476 |
| 14 | കാസർഗോഡ് | 1881 |
| ആകെ | | **34734** |

സെക്ഷൻ ഓഫീസർ